# <u>പത്രക്കുറിപ്പ് (13.07.2017)</u>

## ബലാത്സംഗ കേസ്സിലും, മയക്ക് മരുന്ന് വിൽപ്പന കേസ്സിലും  പ്രതിയായ ഗുണ്ടയെ മൂന്നാം തവണയും  KAAPA പ്രകാരം അറസ്റ്റ് ചെയ്തു

കൊലപാതകം, ബലാത്സംഗം, കവർച്ച, മയക്കമരുന്ന് വിൽപ്പന തുടങ്ങിയ 20-ഓളം കേസ്സുകളിൽ പ്രതിയായി ഉൾപ്പെട്ടിട്ടുള്ള സജീവൻ @ ഓന്ത് സജീവൻ, S/o വാവ, പുതുതറ വീട്,  പോട്ടോർ, 38 വയസ്സ് എന്ന കുപ്രസിദ്ധ ഗുണ്ടയെ തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ടി നാരായണൻ IPS ന്റെ നിർദ്ദേശാനുസരണം കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം വിയ്യൂർ പോലീസ് അറസ്റ്റ് ചെയ്തു. ഇത് മൂന്നാം തവണയാണ് ഇയാൾ KAAPA പ്രകാരം അറസ്റ്റിലാകുന്നത്. ഓട്ടോറിക്ഷ വാടകയ്ക്ക് വിളിച്ച് കൊണ്ടുപോയ ശേഷം അശ്വനി ആശുപത്രിയ്ക്ക് സമീപം വെച്ച് ഓട്ടോ ഡ്രൈവറെ ആക്രമിച്ച് പണം തട്ടിയ കേസ്സിലും, കാസർകോട് സ്വദേശിയായ യുവാവിനെ പ്രകൃതി വിരുദ്ധ പീഡനം നടത്തുന്നതിനായി കൂട്ടികൊണ്ട് പോയി പെരിങ്ങാവ് വെച്ച് കവർച്ച ചെയ്ത ശേഷം കൊലപ്പെടുത്തിയ കേസ്സിലും, പത്തനംതിട്ട സ്വദേശിയായ യുവാവിനെ ആക്രമിച്ച് പണം തട്ടിയ കേസ്സിലും ഉൾപ്പെട്ടതിനെ തുടർന്ന് 2007 ൽ ഇയാളെ KAAPA പ്രകാരം അറസ്റ്റ് ചെയ്ത് ആറു മാസം തടങ്കലിൽ പാർപ്പിച്ചിരുന്നതാണ്. അതിനുശേഷം വിദ്യാർത്ഥികളുൾപ്പടെയുള്ളവർക്ക്  മയക്കമരുന്ന് വിൽപ്പന നടത്തിയതുമായും, അടിപിടി നടത്തിയതിനുമായി നാലു കേസ്സുകളിൽ ഉൾപ്പെട്ട ഇയാൾക്കെതിരെ 2014 ൽ വീണ്ടും KAAPA പ്രകാരം നടപടി എടുക്കുകയും, ആറു മാസത്തിനുശേഷം ഇയാൾ ജയിൽ മോചിതനാകുകയും ചെയ്തിരുന്നതാണ്. രണ്ട് തവണ KAAPA പ്രകാരം നടപടികൾക്ക് അറസ്റ്റിലായതിനുശേഷവും കുറ്റകൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കാതെ ബലാത്സംഗം മയക്കമരുന്ന് വിൽപ്പന തുടങ്ങിയ കുറ്റകൃത്യങ്ങളിൽ സജീവമായ ഇയാളെ ഒരു വർഷം മുൻപ് 5 കിലോഗ്രാം കഞ്ചാവുമായി കോലഴി എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ പിടികൂടുകയും രണ്ട് മാസക്കാലം റിമാൻഡിൽ കഴിയുകയും ചെയ്തിരുന്നു. അതിനുശേഷവും കഞ്ചാവ് വിൽപ്പന തുടർന്ന ഇയാളെ തൃശ്ശൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും കഞ്ചാവുമായി പിടികൂടിയിരുന്നു. പ്രായപൂർത്തിയാകാത്ത സ്കൂൾ വിദ്യാർത്ഥിനിയെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി മോട്ടോർ സൈക്കിളിൽ കയറ്റികൊണ്ടുപോയ ശേഷം ബലാത്സംഗം ചെയ്ത് പീഡിപ്പിക്കുകയും, പുറത്ത് പറഞ്ഞാൽ കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്ത കേസ്സിൽ ഈ വർഷമാദ്യം അറസ്റ്റിലായ ഇയാൾ ജാമ്യത്തിൽ ഇറങ്ങിയ ശേഷം പോട്ടോർ സ്വദേശിയായ യുവതിയെ ലൈംഗീകമായി പീഡിപ്പിക്കുന്നതിന് വേണ്ടി ഓട്ടോറിക്ഷയിൽ കയറ്റുന്നതിനായി യുവതിയുടെ കയ്യിൽ കയറിപ്പിടിച്ച് മാനഹാനി

വരുത്തിയതിനെ തുടർന്ന് വിയ്യൂർ പോലീസ് ഇയാളെ രണ്ട് മാസം മുൻപ് അറസ്റ്റ് ചെയ്തിരുന്നു. ഇയാളുടെ ഭാഗത്തുനിന്നും സ്ത്രീകൾക്ക് നേരെ നിരന്തരം ഉണ്ടാകുന്ന അതിക്രമങ്ങൾ മൂലവും, മയക്ക് മരുന്ന് വിൽപ്പന മൂലവും പൊറുതിമുട്ടിയ എൽ.ബി.എസ്. കോളനി നിവാസികളും, പരിസരവാസികളും ഇയാൾക്കെതിരെ തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർക്ക് കൂട്ടപരാതി നൽകുകയും ചെയ്തിരുന്നു. പൊതുജനങ്ങളുടെ സമാധാന ജീവിതത്തിന് ഇയാൾ നിരന്തരം ഭീഷണിയാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഇയാളെ വീണ്ടും KAAPA പ്രകാരം അറസ്റ്റ് ചെയ്തിട്ടുള്ളത്. പേരാമംഗലം സി.ഐ ബി. സന്തോഷിൻെറ നേതൃത്വത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ സി.പി. ജോണി, പോലീസുദ്യോഗസ്ഥരായ ബിജുപാൽ, ഷിജു എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. മയക്കുമരുന്ന് വിൽപ്പനയും, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെയും തുടർന്നും KAAPA പ്രകാരമുള്ള നിയമനടപടികൾ കൈകൊള്ളുന്നതായിരിക്കും.

Sd/-
ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.

